മലയാള മനോരമ
05 May 2024

# മത്സ്യമേഖല: ബോധവൽക്കരണം നടത്തി

കൊച്ചി● കാലാവസ്ഥാ വ്യതിയാനം മത്സ്യമേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), ബോധവൽക്കരണം നടത്തി. സിഎംഎഫ്ആർഐയുടെ നാഷനൽ ഇന്നവേഷൻ ഇൻ ക്ലൈമറ്റ് റെസിലന്റ് അഗ്രികൾച്ചർ പദ്ധതിയുടെ ഭാഗമായി കുഴിപ്പിള്ളി, ചെല്ലാനം പഞ്ചായത്തുകളിലാണ് ബോധവൽക്കരണം നടത്തിയത്. പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ഗ്രിൻസൺ ജോർജ്, സെന്റർ കോ- ഓർഡിനേറ്റർ ഡോ. ആർ. രതീഷ് കുമാർ, ഡോ. രേഷ്മ ഗിൽസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

കാലാവസ്ഥാ വ്യതിയാനത്തിലെ ശാസ്ത്രം, മത്സ്യബന്ധനത്തിൽ അതിന്റെ പ്രത്യാഘാതങ്ങൾ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനത്തിൽ അതിന്റെ ആഘാതം കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ വിശദീകരിച്ചു. മത്സ്യത്തൊഴിലാളികൾക്ക് ഐസ് പെട്ടികൾ, വീശുവല, വട്ടവല, മീൻ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, മത്സ്യക്കുഞ്ഞുങ്ങൾ എന്നിവ കൈമാറി. കുഴിപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. നിബിൻ, ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. ജോസഫ്, കെ.പി. പ്രസാദ്, കെ.കെ. കൃഷ്ണകുമാർ, രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.